**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5492** **04-07-2013- ൽ മറുപടിയ്ക്ക്**

**പൈനൂർ കായൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം<br>ശ്രീ.വി.എസ്.സുനിൽകുമാർ | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ പൈനൂർ കായൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) പദ്ധതി പൂർത്തീകരണത്തിന് ശ്രീ കാരയിൽ രവി, ഭാര്യ ഷൈലജ എന്നിവരുടെ സ്ഥലം ആവശ്യമാണ്. എന്നാൽ OS നം. 875/04 പ്രകാരം ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മുൻസിഫ് കോടതിയിൽ ശ്രീ കാരയിൽ രവിയും ഭാര്യ ഷൈലജയും ഫയൽ ചെയ്ത കേസിലെ വിധിപ്രകാരം മേൽ പറഞ്ഞവരുടെ വസ്തുവിൽ പ്രവേശിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർക്ക് പെർമനന്റ് പ്രൊഹിബിറ്ററി ഇൻജക്ഷൻ ഏർപ്പെടുത്തിയിരുന്നു. ഇതിനെതിരെ ഡിപ്പാർട്ടുമെന്റ് ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട സബ്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തെങ്കിലും അത് തള്ളപ്പെടുകയാണുണ്ടായത്. ഇതിന് അഡീഷണൽ ഗവ.പ്ലീഡർ നൽകിയ നിയമോപദേശപ്രകാരം രണ്ടാമത് അപ്പീൽ സമർപ്പിച്ചാൽ അനുകൂല വിധിയുണ്ടാവാൻ സാധ്യതയില്ലാത്തതിനാലും പദ്ധതി പൂർത്തീകരണത്തിന് തർക്കഭൂമി അനിവാര്യമായതിനാലും ഒരു കംപൽസറി അക്വിസിഷൻ മാത്രമേ പരിഹാരമുള്ളൂ എന്നാണ്. ആയതിനാൽ കംപൽസറി അക്വിസിഷന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഇപ്പോൾ എത്ര ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; വിശദമാക്കാമോ ; | (സി) കംപൽസറി അക്വിസിഷൻ മുഖേന വസ്തു ഏറ്റെടുക്കുന്ന ചെലവിന് പുറമെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 65 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കുമോ ? | (ഡി) സ്ഥലം ഏറ്റെടുത്തതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ.**